പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2488 — 01-04-2013-ൽ മറുപടിക്ക്

കണ്ണിമംഗലം-പാണപ്പാറ കുടിവെള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലയോര പഞ്ചായത്തുകളായ മലയാറ്റൂർ, അയ്യംപുഴ തുടങ്ങിയ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള കണ്ണിമംഗലം-പാണപ്പാറ കുടിവെള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | പ്രസ്തുത പദ്ധതിയുടെ വിതരണ ശൃംഖലയുടെ 5 ഭാഗങ്ങളിൽ ഒന്നാം ഭാഗത്തിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. 2 മുതൽ 5 വരെയുള്ള ഭാഗങ്ങളുടെ പണികൾ പൂർത്തീകരണഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ടെൻഡർ ആർക്കാണ് നൽകിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിലേക്കായി എന്തു തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുവെന്നും കരാർ പ്രകാരം പ്രവൃത്തി എന്നാണ് പൂർത്തീകരിക്കേണ്ടതെന്നും വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതിയുടെ ഒന്നാം ഭാഗത്തിന്റെ ടെണ്ടർ 9.68 ലക്ഷം രൂപയ്ക്ക് ശ്രീ. എം.ഹസ്സൻ എന്ന കരാറുകാരനാണ് നൽകിയത്. 2 മുതൽ 5 ഭാഗങ്ങളുടെ പണികൾ ശ്രീ പി.സി. വർഗ്ഗീസ് എന്ന കരാറുകാരന് 48.31 ലക്ഷം രൂപയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 2013 ആഗസ്റ്റ് മാസത്തോടെ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ